**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5030** **20-07-2022 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭത്തിൽ വീടുകൾ തകർന്നവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2020, 2021 വർഷങ്ങളിൽ പ്രകൃതിക്ഷോഭത്തിൽ വീടുകൾ പൂർണ്ണമായി തകർന്നവർക്ക് ധനസഹായമായി നാല് ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2020 ൽ വീടുകൾ പൂർണ്ണമായി തകർന്നതിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്ന് (SDRF) ധനസഹായം അനുവദിക്കുന്നതിനാണ് അനുമതിയുള്ളത്. ആയതുപ്രകാരം സമതലപ്രദേശങ്ങളിലെ വീട് പൂർണ്ണമായി തകർന്നതിന് 95,100/- രൂപയും മലയോരമേഖലകളിലെ വീട് പൂർണ്ണമായി തകർന്നതിന് 1,01,900/- രൂപയുമാണ് അനുവദിക്കുന്നത്. 2021 ഒക്ടോബർ 12 മുതൽ 29 വരെയുള്ള കാലയളവിൽ സംസ്ഥാനത്തൊട്ടാകെയുണ്ടായതും സംസ്ഥാനം പ്രളയമായി പ്രഖ്യാപിച്ചതുമായ പ്രകൃതി ദുരന്തത്തിൽ വീടുകൾ തകർന്നതിന് 29-10-2021 ലെ സ.ഉ(കൈ) 5/2021/ഡിഎംഡി പ്രകാരം മേൽപറഞ്ഞ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതം കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം കൂടി ഉൾപ്പടെ നാല്യ ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പ്രളയമായി പ്രഖ്യാപിച്ച പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്ക് തുക അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2021-ലെ കനത്തമഴയിൽ വീട് പൂർണ്ണമായും തകർന്ന മുകുന്ദപുരം താലൂക്കിലെ ആമ്പല്ലൂർ വില്ലേജിൽ വട്ടണാത്രദേശത്ത് നടുവിൽ വീട്ടിൽ പരേതനായ രാമൻ ഭാര്യ വി.എൻ.രാധയ്ക്ക് ആകെ അനുവദിച്ച തൊണ്ണൂറ്റയ്യായിരത്തി ഒരുന്നൂറ് രൂപയ്ക്കു പകരം മുഴുവൻ ധനസഹായ തുകയായ നാല് ലക്ഷം രൂപയും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള 95,100/- രൂപ അനുവദിക്കുന്നതിന് മാത്രമെ നിലവിൽ നിർവ്വാഹമുള്ളൂ. |
| (സി) | പ്രകൃതിക്ഷോഭങ്ങളിൽ വീടുകൾ പൂർണ്ണമായും | (സി) | പ്രകൃതിക്ഷോഭത്തിൽ വീടുകൾ പൂർണ്ണമായി തകർന്ന |

| | | | |
|---|---|---|---|
| | തകർന്നുപോയ പാവപ്പെട്ട അർഹരായ അപേക്ഷകർക്ക് പൂർണ്ണമായ ധനസഹായം അനുവദിക്കുന്നതിനോ ഇവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | കുടുംബങ്ങളിൽ ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അപേക്ഷ അർഹതാ പരിശോധനയ്ക്ക് ശേഷം ലൈഫ് മാനദണ്ഡപ്രകാരം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് 08.11.2021-ലെ സ.ഉ (സാധാ) നം. 2255/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന് വിധേയമായി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല. |

സെക്ഷൻ ഓഫീസർ